LIBRARY ARCHIVES Kerala Legislative Assembly

## സാമൂഹ്യനീതി വകുപ്പിന്റെ ക്ഷേമ പെൻഷൻ പദ്ധതികൾ

276 (3483) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ക്ഷേമപെൻഷൻ പദ്ധതികളായ ആശ്വാസകിരണം, സ്നേഹസ്പർശം, പ്രത്യാശ, സമാശ്വാസം, സ്നേഹപൂർവ്വം, ശ്രുതിതരംഗം എന്നീ പദ്ധതികൾക്ക് ലഭിച്ച അപേക്ഷകളുടെ എണ്ണവും വിതരണം ചെയ്ത തുകയുടെ കണക്കും ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ പദ്ധതികൾക്കുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

277 (3484) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് 9748/ഡി.2/2013/എസ്. ഡബ്ല്യൂ.ഡി. നമ്പർ ഫയലിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) അംഗീകൃത തസ്തികകളുടെയെല്ലാം ശമ്പള പരിഷ്കരണത്തിന് ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുമതി ലഭിച്ച് ധനകാര്യ വകുപ്പിൽ നിന്നും ഫയൽ തിരികെ ലഭിച്ചതെന്ന് വിശദമാക്കുമോ;

(സി) എത്ര തവണ ഈ ഫയലിൽ ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടുണ്ട്; ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഏതെങ്കിലും ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ;

(ഡി) ശമ്പള പരിഷ്കരണ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനായി ധനകാര്യവകുപ്പ് അനുമതി നൽകിയ പ്രകാരം ഉത്തരവാക്കാനും കൂടുതൽ പേർക്ക് ആനുകൂല്യം കിട്ടേണ്ടതുണ്ടെങ്കിൽ അക്കാര്യം പ്രത്യേകം പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുമോ?